# താളുകൾ മറിക്കുമ്പോൾ

ആമുഖം

സ്കൂൾ അടിസ്ഥാന വിവരങ്ങൾ

സ്കൂൾ മാനേജ്മെൻറ്  കമ്മിറ്റി ആൻഡ് സ്റ്റാഫ്

ഭൗതിക സൗകര്യങ്ങൾ

എസ് എസ് എൽ സി റിസൾട്ട് അവലോകനം

അക്കാഡമിക നേട്ടങ്ങൾ

പഠ്യേതര പ്രവർത്തനങ്ങൾ

വിദ്യാരംഗം കലാ സാഹിത്യ വേദി

മലയാളം

അറബിക്

ഇംഗ്ലീഷ്

ഹിന്ദി

സോഷ്യൽ സയൻസ്

സയൻസ്

ഗണിതം

ഐ ടി

ജെ ആർ സി

ലിറ്റിൽ കൈറ്റ്സ്

സ്കൗട്ട് ആൻഡ് ഗൈഡ്

എൻ സി സി& എസ് പി സി

കായികം

വിനോദ പഠന യാത്രകൾ

മേളകൾ (പ്രവൃത്തി പരിചയം ,ഐ ടി ,ശാസ്ത്രം,ഗണിത ശാസ്ത്രം ,സാമൂഹിക ശാസ്ത്രം _)

ശ്രദ്ധ &ഹെല്പിങ് ഹാൻഡ്  (പഠന  പിൻതുണ)

ആർട്സ് ക്ലബ്

സ്കോളർ ഷിപ്പ്  പരിശീലനം

പരിസ്ഥിതി / നേച്ചർ ക്ലബ്

ഹെൽത്ത് ക്ലബ് (യോഗ ,സുമ്പ പരിശീലനം, ലഹരി വിരുദ്ധ പരിപാടികൾ )

സ്കൂൾ ലൈബ്രറി

# ആമുഖം

സംസ്കാരങ്ങളുടെ സംഗമഭൂമിയായ കല്ലാർ പട്ടം കോളനിയുടെ തിലകക്കുറിയായി വിരാചിക്കുന്ന കല്ലാർ ഗവൺമെന്റ് ഹയർ സെക്കണ്ടറിസ്കൂൾ1956 ജൂലൈ 17 ന് ഏകാദ്ധ്യാപക വിദ്യാലയമായി സ്ഥാപിതമായി .പ്രതികൂല കാലാവസ്ഥയോടും കാട്ടുമൃഗങ്ങളോടും മല്ലിട്ട് ഇന്ന് കാണുന്ന ഭൗതികവും സാമൂഹികവും ആയ പുരോഗതി കൈവരിക്കുന്നതിൽ ഈ വിദ്യാലയത്തിന്റെ സംഭാവനകൾ വലുതാണ് .രാഷ്ട്രീയ സാമൂഹിക സാമുദായിക രംഗങ്ങളിൽ നിസ്തുലമായ സംഭാവനകൾ നൽകി കേരളത്തിന് അകത്തും പുറത്തും മാത്രമല്ല ലോകത്തിന്റെ വിവിധ കോണുകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ധരാളം പ്രതിഭകളെ ഈ വിദ്യാലയം സംഭാവന ചെയ്തു .

നമ്മുടെ നാടിന്റെ സമ്പദ് വ്യവസ്ഥയിലും ഘടനയിലും പങ്കാളികളായ വാണിജ്യ പ്രമുഖർ വ്യവസായികൾ തുടങ്ങി നമ്മുടെ കൊച്ചു ദേശത്തിന്റെ വളർച്ചയിലും പുരോഗതിയും ഭാഗധേയം നിർണയിക്കുന്ന ജനസമൂഹത്തിൻറെ നെടും തൂണായി വർത്തിക്കാൻ ഇ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട് .പഠന പഠനേതര രംഗങ്ങളിൽ ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ എന്ന ഖ്യാതി നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

2024 -2025 അധ്യയനവർഷത്തിൽ 42 എ പ്ലസോടുകൂടി നൂറുശതമാനം വിജയം സ്കൂൾ കരസ്ഥമാക്കി .USS നേടിയ 23 കുട്ടികളും NMMSE നേടിയ 4 കുട്ടികളും സ്കൂളിന്റെ യശ്ശസുയർത്തി .

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായപഠന പഠനേതര പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപപ്പെടുത്തിയ രേഖയാണ് മാസ്റ്റർ പ്ലാൻ .ഈ പദ്ധതിയുടെ പ്രസക്തിയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് മുഴുവൻ അദ്ധ്യാപകരെയും ഉൾപ്പെടുത്തിയുള്ള ശില്പ ശാല സംഘടിപ്പിച്ചു. . സബ്ജെക്ട് കൗൺസിൽ ,വിവിധ ക്ലബ്ബുകൾ ,സേന വിഭാഗങ്ങൾ എന്നിവയുടെ പ്രവർത്തന റിപ്പോർട്ടുകൾ തയ്യാറാക്കി .പ്രക്രിയ ,ചുമതല വഹിക്കുന്ന അദ്ധ്യാപകർ ,പ്രതീക്ഷിക്കുന്ന ഫലങ്ങളുടെ പ്രാധാന്യം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു . ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും വിദ്യാഭ്യാസ പ്രതീക്ഷകൾക്ക് അനുസൃതമായി പ്രവർത്തിക്കുക അതിലുപരി മാതൃകാപരമായ ഒരു ഉത്തമ സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യവുമാണ്ഈമാസ്റ്റർ പ്ലാൻ കൊണ്ട് അർത്ഥമാക്കുന്നത് .**

# സ്കൂൾ ഒറ്റനോട്ടത്തിൽ

പ്രിൻസിപ്പൽ :

ഹെഡ്മിസ്ട്രസ് :

ആകെ അദ്ധ്യാപകർ :

യു പി വിഭാഗം :

ഹൈ സ്കൂൾ വിഭാഗം :

ക്ലാർക്ക് : 1

ഒ. എ : 2

എഫ്. ടി .എം : 3

റവന്യു ജില്ലാ : ഇടുക്കി

വിദ്യാഭ്യാസജില്ല : കട്ടപ്പന

സബ് ജില്ല : നെടുങ്കണ്ടം

സ്കൂൾ കോഡ് : 30012

സ്കൂളിൻെറ പേര് : ജി എച്ച് എസ് എസ് കല്ലാർ

മേൽവിലാസം : കല്ലാർ പി ഒ

മുണ്ടിയെരുമ

685552

ഫോൺ നമ്പർ : 04868221417

ഇ മെയിൽ അഡ്രസ് : ghsskallar@gmail.com

ഗ്രാമ പഞ്ചായത്ത് : പാമ്പാടുംപാറ

ക്ലാസുകൾ : 5 മുതൽ 12 വരെ

മാനേജ്മെൻറ് : ഗവൺമെൻറ്

പഠന മാധ്യമം : മലയാളം &ഇംഗ്ലീഷ്

# ഭൗതിക സൗകര്യങ്ങൾ

| | |
|---|---|
| സ്റ്റാഫ് റൂം | :2 (യു പി ,എച്ച് എസ് ) |
| ക്ലാസ് മുറികളുടെ എണ്ണം | :60 |
| കമ്പ്യൂട്ടർ ലാബ് | :1 |
| സയൻസ് ലാബ് | :1 |
| അടൽ ടിങ്കറിങ് ലാബ് | :1 |
| സ്കൂൾ കോ ഓപ്പറേറ്റീവ് സ്റ്റോർ | :1 |
| സ്പോർട്സ് റൂം | :1 |
| എൻ സി സി ഓഫീസ് | :1 |
| എസ് പി സി ഓഫീസ് | :1 |
| ഊട്ടുപുര | :1 |
| മെസ്സ് ഹാൾ | :1 |
| ഗ്രൗണ്ട് | :2 |
| സ്കൂൾ ബസ് | :5 |
| ടോയ്‌ലറ്റ് | :30 |
| ടോയ്‌ലറ്റ് സ്റ്റാഫ് | :2 |
| വാട്ടർ ടാപ്പ് | :40 |
| ശുദ്ധീകരിച്ച കുടിവെള്ള ടാങ്ക് | :2 |
| വാട്ടർ പ്യൂരിഫൈർ | :2 |
| പ്രൊജക്ടർ | :30 |
| ലാപ് ടോപ്പ് | :200 |
| സീലിംഗ് ഫാൻ | :60 |
| സ്കൂൾ ഓഫീസ് റൂം | :1 |
| ഹെഡ് മാസ്റ്റർ റൂം | :1 |
| തണൽ മരങ്ങൾ | :2 |

## എസ് എസ് എൽ സി റിസൾട്ട് അവലോകനം

2024 -2025 എസ് എസ് എൽ സി പരീക്ഷയിൽ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് ജില്ലയിലെ ഏറ്റവും മികച്ച റിസൾട്ട് നേടുവാൻ കഴിഞ്ഞു . 329 കുട്ടികൾ പരീക്ഷ എഴുതി നൂറുശതമാനം വിജയം കൈവരിച്ചു .42 ഫുൾ എ പ്ലസ് നേടുവാനും കഴിഞ്ഞു.

## അക്കദമിക നേട്ടങ്ങൾ

യു എസ് എസ് ,എൻ എം എം എസ് തുടങ്ങിയ മത്സര പരീക്ഷകളിൽ ഉന്നത വിജയം കുട്ടികൾ കരസ്ഥമാക്കി .എൻ എം എം എസ് സ്കോളർഷിപ് നാല് കുട്ടികൾ കരസ്ഥമാക്കി .യു എസ് എസ് രണ്ടുകുട്ടികൾ നേടി .

## പാഠ്യേതരപ്രവർത്തനങ്ങൾ

ദിനാചരണങ്ങൾ ,നല്ലപാഠം പ്രവർത്തനങ്ങൾ ,കൈത്താങ് എന്ന ചികിത്സ സഹായ പദ്ധതി ,ഫുഡ് ഫെസ്റ്റ് എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു . അറബി കലോത്സവത്തിൽ സംസ്ഥാന തലത്തിൽ തുടർച്ചയായി ഒന്നാം സ്ഥാനം സ്കൂൾ കരസ്ഥമാക്കി .ശാസ്ത്രോത്സവത്തിൽ സ്കൂൾ മികച്ച നേട്ടം കൈവരിച്ചു . ജില്ലയിലെ ലിറ്റിൽ കൈറ്റ്സ് ബെസ്ററ്സ്കൂൾ അവാർഡ് ഇ വർഷവും സ്കൂൾ നേടി .

## സ്കോളർഷിപ്പ് പരിശീലനം

എൻ എം എം എസ് പരീക്ഷകൾക്കുള്ള ചിട്ടയായ പരിശീലനം സ്കൂൾ നടത്തിവരുന്നു .

## പരിസ്ഥിതി ക്ലബ്

പരിസ്ഥിതി ക്ലബ് നേച്ചർ ക്ലബ് എന്നിവയുടെ പ്രവർത്തനം മികവുറ്റ രീതിയിൽ നടന്നുവരുന്നു.സയൻസ് അദ്ധ്യാപകർ നേതൃത്വം കൊടുക്കുന്നു.പൂന്തോട്ടം ,പച്ചക്കറി തോട്ടം ,പ്രകൃതി സംരക്ഷണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.

## ഹെൽത്ത് ക്ലബ്

കുട്ടികളുടെ ആരോഗ്യം ലക്ഷ്യമാക്കി ഹെൽത്ത് ക്ലബ് പ്രവർത്തിച്ചു വരുന്നു . സുമ്പ, യോഗ പരിശീലനങ്ങളിലൂടെ ലഹരി വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യം സാഷാത്കരിക്കുന്നു

## വിനോദ പഠന യാത്രകൾ

വർഷത്തിൽ ഒരു തവണ പത്താം ക്ലാസ് കുട്ടികൾക്ക് പഠന യാത്രകൾ സംഘടിപ്പിക്കുന്നു.ചരിത്ര സ്മാരകങ്ങൾ ,മ്യൂസിയങ്ങൾ,സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ യാത്രക്കായി തിരഞ്ഞെടുക്കുന്നു .

## മേളകൾ

സയൻസ് ,സോഷ്യൽ സയൻസ് ,പ്രവൃത്തി പരിചയം ,ഐ ടി മേളകൾക്കുള്ള പരിശീലനം സ്കൂൾ നൽകിവരുന്നു .

## ശ്രദ്ധ

എട്ടാം ക്ലാസ്സിൽ പഠനപിൻതുണ ആവശ്യമുള്ള കുട്ടികൾക്ക് എല്ലാ ദിവസവും പ്രത്യേക പഠന പരിപാടി സംഘടിപ്പിക്കുന്നു .

## ഹെല്പിങ് ഹാൻഡ്

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്ന പരിപാടി .

## ആർട്സ് ക്ലബ്

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുവാനും ,കലയെ പ്രോത്സാഹിപ്പിക്കുവാനും ആർട്സ് ക്ലബ്. ദിവ്യമോൾ പി കെ ,സബീല എന്നിവരുടെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു .

## പഠന പിൻതുണ

എട്ട്   ഒൻപത്ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ശക്തമായ പിൻതുണ ക്ലാസ്സുകൾക്ക് സ്കൂൾ തുടക്കം കുറിച്ചു.

## ജെ ആർ സി

സേവനം മുഖമുദ്രയായി 30 അംഗങ്ങൾ വീതമുള്ള 2 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു .ശുചിത്വം ,ആരോഗ്യ സംരക്ഷണം, റോഡ് സുരക്ഷ,പ്രകൃതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ ചെലുത്തുന്നു. പ്രജിത എൻ ,സിനി മാത്യു ,സബീല ,ദിവ്യമോൾ പി കെ ,എന്നിവർ ആണ് കൗൺസിലർമാർ .

## ലിറ്റിൽ കൈറ്റ്സ്

കൈറ്റ്സ് മാസ്റ്റർമാരായ അനീഷ് കെ കെ ,സവിതമോൾ എം പി  എന്നിവരുടെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു .മികച്ച പ്രവർത്തനങ്ങൾക്കുള്ള ജില്ലാതല പുരസ്കാരത്തിന് അർഹത നേടി.

## സ്കൗട്ട് &ഗൈഡ്

കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമാക്കി സ്കൗട്ട് &ഗൈഡ് സ്കൂളിൽ  പ്രവർത്തിച്ചുവരുന്നു .32 വീതം നാലു യൂണിറ്റുകൾ . എൻ അജിത ,അജിത പി എം ,ശുഭ പി ടി ,ജാസ്മിൻ ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തിവരുന്നു .

## എൻ സി സി

100 കുട്ടികൾ അടങ്ങുന്ന ഒരു യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.അധ്യാപകനായ ആർജിഷ് വേണുഗോപാലിൻെറ നേതൃത്വത്തിൽ ആണ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നത് .ദിനാചരണങ്ങൾ ,കുട്ടികളുടെ അച്ചടക്കം ,സാമൂഹ്യ സേവനം ,പൗരബോധമുള്ള വ്യക്തികളെ വാർത്തെടുക്കൽ എന്നിവ യൂണിറ്റ് ലക്ഷ്യമിടുന്നു .

## എസ് പി സി

ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും 22 കുട്ടികൾ വീതം രണ്ടു യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു .ബോധവത്കരണ ക്ലാസുകൾ ,സെമിനാറുകൾ,ദിനാചരണങ്ങൾ ,ക്യാമ്പുകൾ,ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.ദീപു,കാർത്തിക മോഹനൻ എന്നിവർ ചുമതല വഹിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## മലയാളം

### ഉള്ളടക്കം


1. ആമുഖം
2. അക്ഷരകളരി
3. പറയൂ....എഴുതാം
4. കഥയരങ്ങ്
5. ചർച്ച
6. ലൈബ്രറി


**ആമുഖം**

കല്ലാർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന്റെ വിജയ വീഥികളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകി, പുതിയ തലമുറയെ സ്നേഹത്തിന്റെയും സമഭാവനയുടെയും നന്മയുടെയും ലോകത്തിലേക്ക് കൈപിടിച്ചാനയിക്കുകയാണ് മലയാള വിഭാഗം.

**1.അക്ഷരകളരി**

അക്ഷരമറിയാത്ത കുഞ്ഞുങ്ങൾക്ക് അക്ഷരം ഉറപ്പിക്കാനായി ചെറിയ പ്രവർത്തനങ്ങൾ.

**2. പറയൂ...എഴുതാം**

അക്ഷരങ്ങൾ തിരിച്ചറിഞ്ഞ കുട്ടികൾക്ക് എഴുത്ത് എളുപ്പമാക്കാൻ, കേട്ടെഴുത്ത്.

**3. കഥയരങ്ങ്**

കഥകൾ വായിച്ച് ആസ്വദിക്കുന്നതിനും അവതരിപ്പിക്കുന്നതിനും, സ്വതന്ത്ര രചനകൾക്കുമുള്ള പരിശീലനം.

**4. ചർച്ച**

കാലികപ്രാധാന്യമുള്ള വിഷയങ്ങൾ കണ്ടെത്തി തുറന്ന ചർച്ച സംഘടിപ്പിക്കുന്നു. സഭാകമ്പം കൂടാതെ സദസ്സിനെ അഭിമുഖീകരിക്കാനും ആശയാവതരണത്തിനും സഹായിക്കുന്നു.

**5. ലൈബ്രറി**

വായനയുടെ വിശാല ലോകം പരിചയപ്പെടുത്തുന്നു.

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

ഇംഗ്ലീഷ് ഭാഷ അനായാസം കൈകര്യം ചെയ്യുവാൻ കുട്ടികളെ പ്രപ്രാപ്തരാക്കുക. പൊതുവേദികളിൽ പ്രസംഗം ,സെമിനാർ ,പാനൽ ഡിസ്കഷൻ എന്നിവയിൽകുട്ടികളെ പങ്കെടുപ്പിക്കുക .ഇംഗ്ലീഷ് സംസാരിക്കുവാൻ പ്രാപ്തരാക്കുക .കഥ കവിത,ലേഖനം തുടങ്ങിയവക്ക് പരിശീലനം നൽകി എഴുത്തിലുള്ള അഭിരുചി വളർത്തുക.വായന പ്രോത്സാഹിപ്പിക്കുക .

## റേഡിയോ കല്ലാർ എഫ് .എം (ജൂലൈ മുതൽ )

എല്ലാ വെള്ളിയാഴ്ച തോറും ഓരോ ക്ലാസിനു റേഡിയോ പ്രോഗ്രാം അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു .ഇതുവഴി കുട്ടികളിൽ ഇംഗ്ലീഷ് ആശയ വിനിമയ സാധ്യത വർധിപ്പിക്കുന്നു. കുട്ടികളിൽ ആത്മവിശ്വാസം വർധിക്കുന്നു .

## ഇംഗ്ലീഷ് ക്ലബ്

ഇംഗ്ലീഷ് ക്ലബ് പ്രവർത്തനം ആരംഭിച്ചു . അൻപതുകുട്ടികൾ അംഗങ്ങൾ ആയ ക്ലബ് നല്ല രീതിയിൽ പ്രവർത്തനം തുടരുന്നു .

### വായന മൂല

ഇംഗ്ലീഷ് വായിക്കുവാനും എഴുതുവാനും ബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികൾക്കു പ്രത്യക പരിശീലനം നൽകുന്നു .

### ദിനാചരണ റിപോർട്ടുകൾ തയാറാക്കൽ

### എഴുത്തു മൂല (ഓഗസ്റ്റ്-സെപ്റ്റംബർ )

കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിന് അവസരം നൽകുന്നു.

## ഇംഗ്ലീഷ് ഗാല (ഒക്ടോബർ )

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കഥാപാത്രാവതരണം ,ചാർട്ട് തയാറാക്കൽ ,പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം ,മോഡലുകൾ തയാറാക്കൽ ,സ്കിറ്റ് ,റോൾ പ്ലേ അവതരണം .

## ക്ലാസ്സ്റൂം ഉൽപ്പന്നങ്ങളുടെ പ്രദർശനം

എട്ട് ,ഒൻപത് പത്ത് ക്ലാസ്സുകളിലെ കുട്ടികളുടെ തുടർ മൂല്യ നിർണയം നടത്തുന്നു .എല്ലാ കുട്ടികൾക്കും അവരവരുടെ ഉൽപ്പന്നങ്ങൾ പ്രദര്ശിപ്പിക്കുവാനും വിശദീകരിക്കാനുവുള്ള അവസരം ലഭ്യമാകുന്നു .

## സ്പെല്ലിങ് ടെസ്റ്റ് (എട്ട് ,ഒൻപത് ക്ലാസ് കുട്ടികൾക്ക് )

## ലിറ്ററി ക്വിസ് (പത്താം ക്ലാസ് കുട്ടികൾക്ക് )

**ചുമതല -ഇംഗ്ലീഷ് അദ്ധ്യാപകർ**

## ഷോർട്ട് ഫിലിം (ഡിസംബർ)

പാഠഭാഗങ്ങൾക്കു അനുസൃതമായ തിരക്കഥ, സിനിമ നിർമ്മാണം എന്നിവയിൽ പ്രാവിണ്യം നേടുന്നു .ഇംഗ്ലീഷ് ഭാഷാപഠനം ആനന്ദകരമാക്കുന്നു .

## ഇംഗ്ലീഷ് മാഗസിൻ (ജനുവരി )

കുട്ടികവികളെയും കഥാകാരന്മാരെയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ജനുവരി യിൽ പ്രവർത്തനം ആരംഭിക്കുന്നു . കുട്ടികളിലെ സർഗ്ഗ വാസന വികസിപ്പിക്കാൻ അവസരം ലഭ്യമാക്കുന്നു .

# GHSS KALLAR
# ACADEMIC MASTER PLAN 2025-2026
# HINDI

**ആമുഖം:**

കേരളം വിദ്യാഭ്യാസ മേഖലയിൽ വളരെ മുന്നിലാണ്. ഈ പ്രവർത്തനങ്ങളിൽ അധ്യാപകരുടെ പങ്ക് വളരെ വലുതാണ്. "ഹിന്ദി" ഭാരതത്തിന്റെ രാഷ്ട്ര ഭാഷയാണ്. കേരളത്തിലെ വിദ്യാലയങ്ങളിലും ഹിന്ദി ഭാഷയ്ക്ക് മഹത്വപൂർണ്ണമായ സ്ഥാനമാണുള്ളത്. പാഠ്യ പ്രവർത്തനങ്ങൾക്കൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികളുടെ കഴിവുകൾ മികവുറ്റതാക്കണം. ഹിന്ദി ഭാഷയുടെ പ്രാധാന്യം കുട്ടികളെ മനസ്സിലാക്കേണ്ടതുണ്ട്.സ്കൂൾ ലൈബ്രറികൾ ഉപയോഗിച്ച് വായനാ ശീലം വളർത്തിയെടുക്കേണ്ടതുണ്ട്.

**വിദ്യാലയത്തിന്റെ സവിശേഷതകൾ :-**

1. മികച്ച പഠനാന്തരീക്ഷം.
2. ലൈബ്രറി
3. കമ്പ്യൂട്ടർ ലാബ്
4. വാഹന സൗകര്യം
5. സ്മാർട്ട് ക്ലാസ് റൂം
6. അധ്യാപക കൂട്ടായ്മ

**മാസങ്ങൾ - പ്രവർത്തനങ്ങൾ**

1. ജൂൺ 5 - ലോക പരിസ്ഥിതി ദിനം -

മരതൈ വിതരണ o, പോസ്റ്റർ തയ്യാറാക്കൽ, പ്രതിജ്ഞ

2. ജൂൺ 19 - വായനാ ദിനം -

വായന കാർഡ് തയ്യാറാക്കൽ, പോസ്റ്റർ

3. ജൂൺ 26 - ലഹരി വിരുദ്ധ ദിനം -

പ്ലക്കാർഡ് നിർമാണം, പ്രതിജ്ഞ

4. ജൂലൈ 31- പ്രേംചന്ദ് ജയന്തി -

പോസ്റ്റർ, ചിത്രരചന

5. ആഗസ്റ്റ് 15- സ്വാതന്ത്ര്യ ദിനം -

പോസ്റ്റർ, ദേശഭക്തി ഗാനം, ക്വിസ്

6. സെപ്റ്റംബർ 5 - അധ്യാപക ദിനം

- പ്രസംഗം, പോസ്റ്റർ, ചിത്രരചന

7. സെപ്റ്റംബർ 14 - ഹിന്ദി ദിനം -

പോസ്റ്റർ, കവിത രചന, ചിത്രരചന

8. ഒക്ടോബർ 2 - ഗാന്ധി ജയന്തി - പോസ്റ്റർ, പ്രസംഗം, ചിത്രരചന

9. നവംബർ 1 - കേരള പിറവി -

, കേരളവുമായി ബന്ധപ്പെട്ട ഗാനാലാപനം

10 . നവംബർ 14 - ശിശു ദിനം -

പോസ്റ്റർ, ചിത്രരചന, നെഹ്റു തൊപ്പി നിർമ്മാണം

11.ഡിസംബർ 25 - ക്രിസ്മസ് -

ക്രിസ്മസ് കാർഡ് നിർമ്മാണം, ഗാനാലാപനം

12. ജനവരി 26 - റിപ്പബ്ലിക് ദിനം -

പോസ്റ്റർ, പ്രസംഗം, ചിത്രരചന

**ഉപസംഹാരം**

1.മേൽ പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ട് പാഠ്യപ്രവർത്തനങ്ങൾ സുഗമമാക്കും.

2.ഓരോ കുട്ടിയുടേയും പങ്കാളിത്തം ഉറപ്പു വരുത്തും.

3.ഹിന്ദി ഭാഷയിൽ കുട്ടികളുടെ അഭിരുചി വളർത്തിയെടുക്കുന്നതിന് വേണ്ടി വിദ്യാലയത്തിലെ ദിനാചരണങ്ങളിൽ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തും.

4.അതോടൊപ്പം പാഠ്യപ്രവർത്തനങ്ങളും മെച്ചപ്പെടുത്തും.

5.ഈ പ്രവർത്തനങ്ങളുടെയെല്ലാം ലക്ഷ്യം കുട്ടികളിൽ ഹിന്ദി ഭാഷയോടുള്ള താത്പര്യം വർദ്ധിപ്പിക്കുക എന്നതു മാത്രമാണ് .

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 – 2026

# സോഷ്യൽ സയൻസ്



# ഉള്ളടക്കം


1. ആമുഖം
2. ചരിത്രാന്വേഷികൾ
3. കാഴ്ചയിലെ ശാസ്ത്രം
4. വിജ്ഞാനം സമ്മാനം
5. കല്ലാർ സോഷ്യൽ എഫ്. എം.
6. കോച്ചിംഗ് കോർണർ
7. മോക്ക് പാർലമെന്റ്
8. പഠനയാത്ര
9. മൈ സിനിമ റൂം

# ആമുഖം

കല്ലാർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ സർവ്വതോന്മുഖമായ പ്രവർത്തനങ്ങളിൽ ഒരു നാഴികക്കല്ലായി നിലകൊള്ളുന്നത് സാമൂഹ്യ ശാസ്ത്ര വിഭാഗമാണ്. ഇന്നത്തെ തലമുറയെ നാളത്തെ പൗര ബോധമുള്ള ഒരു തലമുറയാക്കി വളർത്തിയെടുക്കാൻ ലക്ഷ്യം വെച്ച് കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സാമൂഹ്യ ശാസ്ത്ര വിഭാഗം നടത്തുന്നത്. അക്കാദമിക തലങ്ങൾക്കപ്പുറമായി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിലും കലാകായിക രംഗങ്ങളിലും ഇടപെടലുകൾ നടത്തി സാമൂഹിക പ്രതിബദ്ധത മാതൃകയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സാമൂഹ്യശാസ്ത്ര വിഭാഗം നടത്തിവരുന്നത്.

1. <u>ചരിത്രാന്വേഷികൾ</u>

- **ലക്ഷ്യം :-**

  സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ.

- **പ്രവർത്തനങ്ങൾ :-**

  അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ് ലസുകൾ, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ ലഭ്യമാക്കുക.

- **നടപ്പാക്കുന്ന കാലയളവ് :-**

  അക്കാദമിക വർഷം മുഴുവൻ.

2. <u>കാഴ്ചയിലെ ശാസ്ത്രം</u>

- **ലക്ഷ്യം :-**

  സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ അനുഭവവേദ്യമാക്കാൻ.

- **പ്രവർത്തനങ്ങൾ :-**

  സാമൂഹ്യ ശാസ്ത്ര ലാബ് കുട്ടികളെ പരിചയപ്പെടുത്തുന്നു.

- **നടപ്പാക്കുന്ന കാലയളവ് :-**

  അക്കാദമിക വർഷത്തെ തെരഞ്ഞെടുത്ത ദിവസങ്ങൾ.

3. <u>വിജ്ഞാനം സമ്മാനം</u>

- **ലക്ഷ്യം :-**

  ആനുകാലിക സംഭവങ്ങളെക്കുറിച്ച് പ്രസക്തമായ ചോദ്യങ്ങൾ, കണ്ടെത്തലുകൾ.

- **പ്രവർത്തനങ്ങൾ :-**

  ബുള്ളറ്റിൻ ബോർഡിൽ ചോദ്യങ്ങൾ പ്രദർശിപ്പിക്കൽ.

- **നടപ്പാക്കുന്ന കാലയളവ് :-**

  ആഴ്ചയിൽ ഒരു തവണ.

4. <u>മോക്ക് പാർലമെന്റ്</u>

- **ലക്ഷ്യം :-**

  പഠിതാക്കളിൽ ജനാധിപത്യമൂല്യം വളർത്തുക.

- **പ്രവർത്തനങ്ങൾ :-**

  സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് എന്നിവയിലൂടെ ജനാധിപത്യ പ്രക്രിയ പഠിതാക്കളിലേക്ക് എത്തിക്കുക.

- **നടപ്പാക്കുന്ന കാലയളവ് :-**

  അക്കാദമിക വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് ദിനം, തെരഞ്ഞെടുത്ത ദിനങ്ങൾ.

5. <u>കല്ലാർ സോഷ്യൽ എഫ്. എം.</u>

- **ലക്ഷ്യം :-**

  പഠിതാക്കളിൽ സഹവർത്തിത്വം, സഹിഷ്ണുത, സർഗാത്മകത എന്നീ മൂല്യങ്ങൾ വളർത്തുക.

- **പ്രവർത്തനങ്ങൾ :-**

  സോഷ്യൽ സയൻസ് ക്ലബ്ബിലൂടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.

- **നടപ്പാക്കുന്ന കാലയളവ് :-**

  അക്കാദമിക വർഷം മുഴുവൻ.

6. <u>കോച്ചിംഗ് കോർണർ</u>

- **ലക്ഷ്യം :-**

  മത്സര പരീക്ഷകളെ കുറിച്ച് അവബോധം സൃഷ്ടിക്കൽ (PSC, UPSC, Civil Service etc.)

- **പ്രവർത്തനങ്ങൾ :-**

  മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് വേണ്ടി വിവിധ വിഷയങ്ങൾ പരിശീലിപ്പിക്കുന്ന അധ്യാപകരുടെ സഹകരണത്തോടെ പരിശീലനം സാധ്യമാക്കുന്നു.

- **നടപ്പാക്കുന്ന കാലയളവ് :-**

  തെരഞ്ഞെടുത്ത ദിവസങ്ങൾ.

7. പഠനയാത്ര

- **ലക്ഷ്യം :-**

**പഠിതാക്കളെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ച്ചുമർ ചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെ കുറിച്ച് നേരിട്ടുള്ള അറിവ് ലഭ്യമാക്കൽ.**

- **പ്രവർത്തനങ്ങൾ :-**

**ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്ര.**

- **നടപ്പാക്കുന്ന കാലയളവ് :-**

**വർഷത്തിൽ ഒരു തവണ.**

8. മൈ സിനിമ റൂം

- **ലക്ഷ്യം :-**

**കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കുവാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക.**

- **പ്രവർത്തനങ്ങൾ :-**

**സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുക, ദിനാചരണങ്ങൾ, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, ചരിത്ര സിനിമ പ്രദർശനം, പ്രൊജക്ട് റൂം മുതലായവ.**

- **നടപ്പാക്കുന്ന കാലയളവ് :-**

**അക്കാദമിക വർഷം മുഴുവനും.**

# മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോക ത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

# ജീവശാസ്ത്രം

**ജൂൺ**

# പരിസ്ഥിതി ദിനാചരണം

ജൂൺ 5

* പോസ്റ്റർ രചന /പ്രദർശനം

*പരിസ്ഥിതി ദിന ക്വിസ്

*ക്യാമ്പസ് ഹരിതാഭമാക്കൽ

ചുമതല :നേച്ചർ ക്ലബ്

കാലയളവ് :1 മാസം

**ജൂലൈ**

# കർക്കിടക ഫെസ്റ്റ്

പോഷക സമ്പുഷ്ടമായ ആഹാരത്തിന്റെ പ്രസക്തി മനസിലാക്കാൻ ഉതകും വിധം നടൻ ഭക്ഷ്യ മേള

കാലയളവ്

ജൂലൈ 17-25

ചുമതല :അനീഷ് കെ കെ

സവിതമോൾ എം പി

**ഓഗസ്റ്റ്**

# ശാസ്ത്ര സെമിനാർ

മനുഷ്യനെ ബാധിക്കുന്ന വിവിധ രോഗങ്ങളെ പറ്റി കുട്ടികൾ സെമിനാർ അവതരിപ്പിക്കുന്നു .chart/ict സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികൾ ക്ലാസ് എടുക്കുന്നു.സെമിനാർ റിപ്പോർട്ടുകൾ തയ്യാറാക്കുന്നു .

കാലയളവ് :ജൂലൈ മാസം

വിഭാഗം :ക്ലാസ് 10

ചുമതല ::അനീഷ് കെ കെ

**സെപ്റ്റംബർ**

# കൈയെഴുത്തു മാഗസിൻ

ജീവശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു കൈയെഴുത്തു മാഗസിൻ ഹൈസ്കൂൾ വിഭാഗ ത്തിലെ കുട്ടികൾ ക്ലാസ്സടിസ്ഥാനത്തിൽ തയ്യാറാക്കുന്നു .

കാലയളവ്

**സെപ്റ്റംബർ** 1- 15

**സെപ്റ്റംബർ** 16 നു പ്രകാശനം ചെയ്യുന്നു .

ചുമതല :അനീഷ് കെ കെ

സവിതമോൾ എം പി

**ഒക്ടോബർ**

# ജീവശാസ്ത്രം - പ്രദർശനം

മനുഷ്യ ശരീരത്തിലെ അവയവ വ്യവസ്ഥകളെ ധാരണ ലഭിക്കുവാൻ വേണ്ടി ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കുന്നു.

സ്കൂൾ സയൻസ് ലാബ്, ഇന്ററാക്ടിവ് ലാബ് ഇവയുടെ സഹായത്തോടുകൂടി മനുഷ്യ ശരീരത്തിലെ വിവിധ അവയവങ്ങൾ കുട്ടികൾ പരിചയ പെടുന്നു.വിവിധ അവയവ വ്യവസ്ഥകളുടെ ചാർട്ടുകൾ,മോഡലുകൾ,വർക്കിംഗ് മോഡലുകൾ തുടങ്ങിയവ കുട്ടികൾ നിർമിക്കുന്നു

ശാസ്ത്ര മേള മത്സരങ്ങൾക്ക് പങ്കെടുക്കുവാനായി കുട്ടികൾ തയ്യാറാക്കിയ മോഡലുകൾ ലഘു പരീക്ഷണങ്ങൾ പ്രൊജെക്ടുകൾ ഇവയുടെ പ്രദർശനം .

പ്രദർശനം : ഓഗസ്റ്റ് 28

സ്ഥലം : സയൻസ് ലാബ്

വിഭാഗം : ക്ലാസ് 8

ചുമതല :അനീഷ് കെ കെ

**നവംബർ**

# ജൈവ വൈവിധ്യരജിസ്റ്റർ

സ്കൂൾ ക്യാമ്പസ്സിലെ ജൈവ വൈവിധ്യത്തെ പറ്റി പഠനം നടത്തി ജൈവ വൈവിധ്യ രജിസ്റ്റർ തയാറാക്കുന്നു.ഇതിനായി നേച്ചർ ക്ലബ്ബിലെ 10 കുട്ടികളെ തിരഞ്ഞെടുക്കുന്നു .ഫീൽഡ് ട്രിപ്പ്, സർവ്വേ,ഇന്റർവ്യൂ തുടങ്ങിയ മാര്ഗങ്ങളിലൂടെ പഠനം നടത്തി ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാർ ആക്കുന്നു .തുടർന്ന് ക്യാമ്പസിലെ വൃക്ഷങ്ങളെ ലേബൽ ചെയ്യുന്നു .

ചുമതല: സവിതമോൾ എം പി

കാലയളവ് : സെപ്റ്റംബർ 1-20

**ഡിസംബർ**

# പഠന യാത്ര

നേച്ചർ ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പ്രകൃതി പഠന യാത്ര സംഘടിപ്പിക്കുന്നു

.വിഭാഗം :നേച്ചർ ക്ലബ് അംഗങ്ങൾ

കാലയളവ് : ഒക്ടോബർ

ചുമതല:അനീഷ് കെ കെ

# Academic Master Plan

# 2025-26

# Mathematics

## 1. ഗണിതം മധുരം

ലക്ഷ്യം - ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക.

Process- ക്ലാസ്സടിസ്ഥാനത്തിൽ കുട്ടികളിലെ മുന്നറിവ് പരിശോധന ടെസ്റ്റ് നടത്തി അതിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന വിടവ് നികത്തുവാൻ ആവശ്യമായ പരിഹാര ബോധനം നൽകുന്നു.

കാലയളവ് - ദീർഘകാലം

പിന്തുണ - ക്ലാസ്സ് അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ.

## 2. ക്ലബ്ബ് പ്രവർത്തനങ്ങൾ

ലക്ഷ്യം - ഗണിതാഭിരുചി വർദ്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ

- ഗണിതക്കളികൾ
- ഗണിത ക്വിസ്സ്
- ഗണിത ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം
- ഗണിതം നിത്യ ജീവിതത്തിൽ-സെമിനാർ
- കുസൃതി കണക്കുകൾ-ശേഖരണം
- ഗണിത ചാട്ടുകൾ
- ജോമട്രിക് ചാർട്ടടുകൾ
- ക്ലാസ്സ് മുറികളുടെ ചുമർ ഗണിതാകയങ്ങളാൽ അലങ്കരിക്കൽ
- ഗണിതമേള - പ്രദർശനം
- മനക്കണക്ക് മത്സരം

കാലയളവ്- ദീർഘകാലം

പിന്തുണ - ക്ലബ്ബ് കൺവീനർ, ഗണിത അധ്യാപകർ, ക്ലബ്ബിന്റെ പ്രതിനിധി കൾ

**3.ഗണിത ദിനം (പൈ Process Approximation day)**

ലക്ഷ്യം - പൈ യുടെ വിലയെക്കുറിച്ചും പൈ ദിനത്തെക്കുറിച്ചും കുട്ടികൽ ബോധവാൻമാരാകുന്നു.

Process - മുൻകൂട്ടി തിരഞ്ഞെടുത്ത് ട്രെയിനിംഗ് നല്കിയ 10-ാം ക്ലാസ്സിലെ ഒരു വിദ്യാർത്ഥി 22/07/2025 ന് അസംബ്ലിയിൽ പൈ യെ കുറിച്ചുള്ള ഒരു അവബോധന ക്ലാസ്സ് (5 മിനിട്ട്) സ്കൂളിൽ കുട്ടികൾക്കായി നല്കുന്നു.

കാലയളവ് - 5 മുതൽ 10 മിനിട്ട് വരെ

തീയതി - 22/07/2025

പിന്തുണ - ഗണിത ക്ലബ്ബ് കൺവീനർ

**3. <u>ഗണിത ശില്പശാല</u>**

ലക്ഷ്യം - മോഡലുകളുടെ നിർമ്മാണത്തിൽ താത്പര്യമുള്ള കുട്ടികൾക്ക് ഗണിത മാതൃകകളെ അടുത്തറിയാനും നിർമ്മിക്കാനുമുള്ള വേദിയൊരുക്കുന്നു.

Process - നമ്മുടെ സ്കൂളിലെ വിവിധ ക്ലാസ്സുകളിൽ നിന്ന് ഗണിത ശില്പശാല യിൽ പങ്കെടുക്കുവാൻ താത്പര്യം കഴിവും ഉള്ള കുട്ടികളെ സംഘടിപ്പിച്ച് അതിൽ നിന്നും ലഭ്യമാകുന്ന ഉല്പന്നങ്ങൾ എല്ലാവർക്കും കാണാവുന്ന രീതിയിൽ ഒരു മാത്സ് എക്സിബിഷൻ സംഘടിപ്പിക്കുകയും ലാബിൽ സുരക്ഷിതമായി സൂക്ഷിച്ചു വയ്ക്കുകയും ചെയ്യുന്നു.

കാലയളവ് - ഹാൽഫ് ഡെ

പിന്തുണ - ഗണിത അദ്ധ്യാപക ഗണിത ക്ലബ്ബ് അംഗങ്ങൾ

**4. <u>ഗണിത ക്ലിനിക്</u>**

ലക്ഷ്യം – ഗണിതത്തിലെ സംശയനിവാരണവും പരിഹാരബോധനവും

പ്രവർത്തനം – കുട്ടികളിൽ ഗണിതാകയങ്ങളിലോ ഗണിത പ്രശ്നങ്ങളിലോ ഉള്ള സംശയനിവാരണത്തിനും പരിഹാര ബോധനത്തിനും ഉതകുന്ന ഗണിത ക്ലിനിക് സജ്ജമാക്കുന്നു.

കാലയളവ് – ആഗസ്റ്റ് മുതൽ (ദീർഘകാലം)

പിന്തുണ – ഗണിത അധ്യാപകർ

മുന്നോക്കം നൽകുന്ന കുട്ടികൾ

**5. സംഘഗണിതം (ഗണിത പഠനം സഹപാഠികളുടെ സഹായത്തോടെ)**

ലക്ഷ്യം – ഗണിത പഠനം കൂടുതൽ സ്വതന്ത്രവും ലളിതവും സാർവത്രികവുമാക്കുക.

Process –ക്ലാസ്സിലെ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ക്ലാസ്സിൽ മുന്നോക്കം നില നിൽക്കുന്ന കുട്ടികളെ ഗ്രൂപ്പ് ലീഡറായി തിരഞ്ഞെടുക്കുകയും അവരുടെ സഹായത്തോടെ ഗണിത അധ്യാപകരുടെ നേതൃത്വത്തിൽ ഗണിതാശയങ്ങൾ പങ്കുവെയ്ക്കുകയും ഗണിതം ലളിതമാക്കുകയും ചെയ്യുന്നു. കൂടുതൽ സ്വതന്ത്രമായ പഠനാന്തരീക്ഷം സംജാതമാക്കുന്നതിലൂടെ ഗണിത പഠനം ഭയരഹിതവും ലളിതവും ആയി എല്ലാ കുട്ടികൾക്കും സാധ്യമാകുന്നു.അധ്യാപകന്റെ റോൾ കുട്ടികളിൽ ആത്മ വിശ്വാസവും ആഴത്തിൽ പഠിക്കാനുള്ള അവസരമുാക്കുന്നു.

കാലയളവ് – ദീർഘകാലം

പിന്തുണ – ഗണിത അധ്യാപകർ മുന്നോക്കം നിലനില്ക്കുന്ന കുട്ടികൾ

6. മാത്സ് മെഗാ ക്വിസ്

ലക്ഷ്യം – 1. വ്യത്യസ്ത ഗണിതാശയങ്ങൾ പഠിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

2. കുട്ടികളെ ഗണിതത്തോടുള്ള അഭിരുചിയും അറിവും താത്പര്യവും വർദ്ധിക്കാൻ സഹായിക്കുന്നു.

Process

Stage 1 – ഓരോ ക്ലാസ്സിലെയും ഗണിതാധ്യാപകർ അവരുടെ ക്ലാസ്സിൽ ഒരു ക്ലാസ്സ് തല ക്വിസ്സ് മത്സരം നടത്തി ഉന്നത മാർക്ക് നേടുന്നര് കുട്ടികളെ കത്തെുന്നു.

Stage 2 – ക്ലാസ്സ് തല മത്സരത്തിൽ നിന്നും തിരഞ്ഞെടുത്ത വിജയികൾക്കിടയിൽ നിന്നും ക്വിസ്സ് മത്സരം നടത്തി 30 പേരുള്ള ഒരു ഗ്രൂപ്പിനെ കട്ട് ഓഫ് മാർക്കി നൽകി തിരഞ്ഞെടുക്കുന്നു.

Stage 3 – ഈ ഗ്രൂപ്പിൽ നിന്നും വീും ക്വിസ്സ് മത്സരം നടത്തി 10 പേരടങ്ങുന്ന ഒരു ടീം സെലക്ട് ചെയ്യുന്നു.

Stage 4 – തിരഞ്ഞെടുക്കപ്പെട്ട 10 പേരെ 5 ടീമാക്കി ഫൈനൽ റൌ നടത്തുന്നു. ഓഡിയൻസായി ഗണിത ക്ലബ്ബിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തുന്നു. ഒന്നും രും സ്ഥാനം കരഗതമാക്കുന്ന ടീമംഗങ്ങൾക്ക് സമ്മാനങ്ങൾ നൽകുന്നു.

കാലയളവ് – Second Term (2 to 3 months)

പിന്തുണ – ഗണിത അധ്യാപകർ

ക്ലബ്ബ് അംഗങ്ങൾ

# ജി എച്ച് എസ് എസ് കല്ലാർ -അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -26 ( ഐ സി ടി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| **1.** വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ ICT സഹായത്തോടെ അവതരിപ്പിക്കാൻ എല്ലാ അധ്യാപകരെയും പ്രാപ്തരാക്കുക | പുതിയ സോഫ്റ്റ് വെയറുകൾ പരിചയപ്പെടുത്തുന്നു . ഐസിടി ഉപകരണങ്ങളുടെ ശരിയായ ഉപയോഗത്തെ സംബന്ധിച്ചുള്ള പരിശീലനങ്ങൾ നൽകുന്നു | ജൂലൈ - ഡിസംബർ | ഐടി യിൽ പ്രാവീണ്യം നേടിയ അധ്യാപകർ | ---- |
| **2.** ലാബുകളിലെയും ക്ലാസ് മുറികളിലെയും ഐസിടി ഉപകരണങ്ങളുടെ സൂക്ഷിതത്വവും ശരിയായ ഉപയോഗവും ഉറപ്പുവരുത്തുക | ഐ ടി ലാബുകളിലെയും ക്ലാസ് റൂമുകളിലെയും കംപ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ പ്രൊജക്ടറുകൾ കേബിളുകൾ തുടങ്ങിയവയുടെ ശരിയായ ഉപയോഗവും പരിപാലനവും സംബന്ധിച്ച് ബോധവത്കരണം നടത്തുന്നു . അതിന്റെ ചുമതല തെരെഞ്ഞെടുത്ത കുട്ടികൾക്കു നൽകുന്നു | ആഗസ്റ്റ് | SITC, കൈറ്റ് മാസ്റ്റർ | PTA,ഐ ടി ക്ലബ് |

| | | | | |
|---|---|---|---|---|
| **3.** ഐ ടി മേളയുമായി ബന്ധപ്പെട്ട മത്സരയിനങ്ങൾ പരിചയപ്പെടുത്തുക. കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകുക | ഐടി വാരം എന്നപേരിൽ ഒരാഴ്ചക്കാലം ഐ ടി മേളയുമായി ബന്ധപ്പെട്ട വിവിധയിനങ്ങളിൽ സ്കൂൾതല മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് 5 മുതൽ 10 വരെ | SITC, ഐടി അധ്യാപകർ | ഐ ടി ക്ലബ് |
| **4.** നൂതന സാങ്കേതികവിദ്യകളുടെ ദുരുപയോഗത്തെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക | സൈബർ സുരക്ഷയെക്കുറിച്ചും സാങ്കേതിക വിദ്യകളുപയോഗിച്ചുള്ള ശരിയായ അധ്യയനത്തെക്കുറിച്ചും കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നൽകുന്നു | നവംബർ | ഐ ടി ക്ലബ് , ലിറ്റിൽ കൈറ്റ്സ് | PTA,ഐ ടി ക്ലബ് |
| **5.** പഠനപ്രവർത്തനങ്ങളിലൂടെയും ഇതര മേഖലകളിലെ പങ്കാളിത്തത്തിലൂടെയും പ്രായോഗിക പരിശീലനം നേടുക | വിഡിയോഗ്രാഫി , വീഡിയോ എഡിറ്റിങ് ഇവ പരിചയിക്കുവാൻ സ്കൂളിലെ വിവിധ പരിപാടികളുടെ വീഡിയോ ഡോക്യുമെന്റേഷൻ ചുമതല കുട്ടികൾക്ക് നൽകുന്നു .കൂടാതെ ഹ്രസ്വ ചലച്ചിത്രങ്ങളുടെ നിർമ്മാണം സംഘടിപ്പിക്കുന്നു | 2025-26 അക്കാദമിക വർഷം | കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ്സ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | ----- |

# ഗവ:ഹയർ സെക്കന്ററി സ്കൂൾ-കല്ലാർ

## അക്കാദമിക മാസ്റ്റർ പ്ലാൻ -2025/26

## ആരോഗ്യ കായിക വിദ്യാഭ്യാസം





വ്യക്തിയുടെ സർവതോമുഖമായ വികസനമാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. മാനസികവും ശാരീരികവും, വൈകാരികവും, സാമൂഹികവുമായ വളർച്ച ഉറപ്പുവരുത്തുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. വിജ്ഞാനം ആർജിക്കുന്നതോടൊപ്പം ദൈനംദിന ജീവിതത്തിലുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളോട് യഥാസമയം യുക്തമായ രീതിയിൽ പ്രതികരിക്കാനുള്ള ശേഷി കുട്ടികളിൽ വളർത്തിയെടുക്കേണ്ട തായിട്ടുണ്ട്.

കാലപ്രവാഹത്തിൽ സമൂഹം മുന്നോട്ടുകുതിക്കുന്നതിനിടയിൽ നിരവധി മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. . ആധുനികജീവിതം മത്സരവും മാനസിക സംഘർഷവും നിറഞ്ഞതാണ്. പ്രശ്നങ്ങളെ അഭിമുഖീകരിക്കാനാകായ്ക, വിഷാദം, ആത്മഹത്യാപ്രവണത, മുൻകോപം, വിദ്വേഷം, ആക്രമണോത്സുകത തുടങ്ങിയ പ്രശ്നങ്ങൾ ഇതിൻ്റെ പ്രതിഫലനങ്ങളാണ്. ഗതാഗതസൗകര്യം മെച്ചപ്പെടുകയും, യന്ത്രവല്ക്കരണം സാർവത്രികമാവുകയും ചെയ്തതോടെ സ്വാഭാവികവ്യായാമത്തിനുള്ള അവസരങ്ങൾ കുറഞ്ഞു. യുവജനങ്ങൾ പൊതുവേ കായികക്ഷമത അധികം ആവശ്യമില്ലാത്ത ജോലികളിലേക്ക് ആകൃഷ്ടരാവുയും ചെയ്തു. അവി ടെയാവട്ടെ കിടമത്സരവും, തൊഴിൽ സുരക്ഷിതത്വം ഇല്ലായ്മയും, മാനസികസംഘർഷവും വർധിച്ചുവരുന്നു.

സാമ്പത്തികശേഷി, വിദ്യാഭ്യാസം, ആരോഗ്യം മുതലായ മേഖലകളിൽ നാം വമ്പിച്ച പുരോഗതി കൈവരിച്ചു കഴിഞ്ഞു. എന്നാൽ ഇതോടൊപ്പം ഏകാഗ്രതയില്ലായ്മ. പഠനവൈകല്യങ്ങൾ, സഹിഷ്ണ തക്കുറവ്, പെരുമാറ്റവൈകല്യം, ആത്മവിശ്വാസക്കുറവ്, ശാരീരിക ക്ഷമതയില്ലായ്മ എന്നിവ വർധിച്ചുവരുന്നുവെന്നതും വസ്തുതയാണ്. കൗമാരക്കാരിൽ മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയോടുള്ള ആസക്തിയും കൂടിവരുന്നു.

കൃത്രിമ ഭക്ഷണപാനീയങ്ങളോടുള്ള താത്പര്യം, മൊബൈൽ, കമ്പ്യൂട്ടർ എന്നിവയോടുള്ള താത്പര്യം എന്നിവയും അമിതമായിരിക്കുന്നു. ജീവിതശൈലിയിൽ വന്ന ഇത്തരം ദ്രുതമാറ്റങ്ങൾ സൃഷ്ടിച്ച പ്രശ്നങ്ങൾ സ്കൂൾ കാലഘട്ടത്തിൽ പരിഹരിക്കേണ്ടതുണ്ട് അതിനായി സ്കൂൾ വിദ്യാഭ്യാസത്തിൽ പാഠപുസ്തകങ്ങളിലെ പഠനത്തോടൊപ്പം ആരോഗ്യകരമായ ജീവിതക്രമം ചിട്ടപ്പെടുത്തുവാനുള്ള പരിശീലനവും ആരോഗ്യവും സന്തോഷവും നിലനിർത്തുന്നതിനായി കുട്ടികളിൽ കായികക്ഷമത വളർത്തുന്നതും അനിവാര്യമായി തീർന്നിരിക്കുന്നു.

കായിക പ്രവർത്തനങ്ങളുടെ ഗുണങ്ങൾ സ്കൂളിൽ :-

- <u>ശാരീരികക്ഷമത:</u>

  കായികമത്സരങ്ങൾ കളിക്കുന്നത് ശരീരം വളരാനും പേശികളുടെ വികാസത്തിനും സഹായിക്കുന്നു. ഓട്ടുക, ചാട്ടുക, എറിയുക തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളുടെ ശാരീരിക ക്ഷമത വർധിപ്പിക്കുകയും രോഗപ്രതിരോധശേഷി കൂട്ടുകയും ചെയ്യുന്നു.
- <u>മാനസിക ആരോഗ്യം:</u>

  കളികൾ മനസ്സിനെ സന്തോഷവും സമാധാനവുമുള്ള അവസ്ഥയിൽ കൊണ്ടു വരുന്നു.കായിക പ്രവർത്തനങ്ങൾ പരിശീലിക്കുന്നത് സമ്മർദ്ദം കുറയ്ക്കാനും മനസ്സിന്റെ .കരുത്ത് വർധിപ്പിക്കാനും സഹായിക്കുന്നു.
- <u>അച്ചടക്കം :</u>

  കായിക പരിശീലനം ശിക്ഷണവും കൃത്യനിഷ്ഠയും പഠിപ്പിക്കുന്നു. അത് ജീവിതത്തിന്റെ എല്ലാ മേഖലകളിലും സഹായിക്കും.
- <u>ടീം വർക്ക്</u>

  കായിക മത്സരങ്ങൾ ടീമായി കളിക്കുന്നതിലൂടെ സഹകരണ മനോഭാവവും ടീം സ്പിരിറ്റും വളർത്തുന്നു.
- <u>നേതൃത്വ ഗുണങ്ങൾ:</u>

  കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നത് ചില വിദ്യാർത്ഥികളിൽ നേതൃത്വ ഗുണങ്ങൾ വളർത്തുന്നു. ടീമിനെ നയിക്കാനും തീരുമാനങ്ങൾ എടുക്കാനുമുള്ള കഴിവ് വർദ്ധിക്കുന്നു.

ഈ ഗുണങ്ങൾക്കു പുറമേ, കായിക പ്രവർത്തനങ്ങൾ വിദ്യാഭ്യാസത്തിലും മികവ് തെളിയിക്കാൻ സഹായിക്കുന്നു. കളികൾ കളിക്കുന്നത് കുട്ടികളുടെ ഏകാഗ്രത വർധിപ്പിക്കുകയും പഠനത്തിൽ താല്പര്യം ജനിപ്പിക്കുകയും ചെയ്യും. അതുകൊണ്ട്, സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമായി കായിക പ്രവർത്തനങ്ങളെ കാണണം. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസത്തിന് അത് അത്യാവശ്യമാണ്.

അവധിക്കാലം ഏപ്രിൽ, മെയ് മാസങ്ങളിൽ വിവിധ കായിക ഇനങ്ങളിൽ സ്കൂളിൽ കോച്ചിങ് ക്യാമ്പ് ദിവസവും രാവിലെ 7 -9 നടത്തുവാൻസ്കൂൾ തീരുമാനിച്ചിട്ടുണ്ട് ,ക്യാമ്പിൽ 100 % അറ്റെൻഡൻസ് ഉള്ള കുട്ടികൾക്ക് ജേഴ്‌സി നൽകാൻ തീരുമാനിച്ചിട്ടുണ്ട് അതിനായി സ്പോൺസർ നെ കണ്ടെത്തേണ്ടതുണ്ട് . അവധിക്കാല കോച്ചിങ് ക്യാമ്പന് ശേഷം സ്കൂൾ തുറന്നു ജൂൺ മാസം മുതൽ അത്‌ലറ്റിക് സ് ,ഫുട്ബോൾ ,ബാസ്കറ്റ്ബാൾ ,ബാഡ്മിന്റൺ, സ്‌കേറ്റിങ് ,കരാട്ടെ ,ഹാൻഡ്‌ബാൾ ,വോളീബോൾ തുടങ്ങിയവയ്ക്കു പരിശീലനം ആരംഭിക്കേണ്ടതായുണ്ട്

## പ്രവർത്തനം

### 1. അവധിക്കാല കോച്ചിങ് ക്യാമ്പ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - കായിക പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കുക .<br>-കായികക്ഷമത | • ഫുട്ബോൾ ക്യാമ്പ്<br>• ബാഡ്മിന്റൺ ക്യാമ്പ്<br>• സ്‌കേറ്റിങ് ക്യാമ്പ്<br>• അത്‌ലറ്റിക്സ് ക്യാമ്പ് | 2 മാസം<br>✔ ഏപ്രിൽ<br>✔ മെയ് | ഹെഡ് മാസ്റ്റർ<br>കായികാധ്യാപകൻ | സ്കൂളിൽ നിന്നും കുട്ടികളിൽ നിന്നും കണ്ടെത്തുക |

അത്‌ലറ്റിക് സ് -നെടുകണ്ടം പഞ്ചായത്തു സ്റ്റേഡിയത്തിലും ,ഫുട്ബോൾ നെടുങ്കണ്ടം ടർഫ് ലും, സ്കേറ്റിംഗ് സ്കൂൾ ഓഡിറ്റോറിയത്തിലും,ബാഡ്മിന്റൺ സ്കൂൾ ഇൻഡോറിലും ,കരാട്ടെ സ്കൂൾ ഇൻഡോറിലും പുറത്തുനിന്നുള്ള കോച്ചസിന്റെ സഹായത്തോടെ(സ്പോൺസർ നെ കിട്ടാത്ത സാഹചര്യത്തിൽ )ചെറിയ ഫീ വെച്ചുകൊണ്ട് 2 മാസത്തെ അവധിക്കാല കോച്ചിങ് ക്യാമ്പ് വളരെ വിജയകരമായി പൂർത്തീകരിച്ചു ,300 -ൽ അധികം കുട്ടികൾ ക്യാമ്പിന്റെ ഭാഗമായി. .

## 2.അന്താരാഷ്ട്ര യോഗ ദിനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • യോഗ പരിശീലനം<br>• യോഗ ദിന പ്രാധാന്യം കുട്ടികളിലേക്ക്<br>• യോഗ ദിന പ്രചാരണം | മാസ്സ് യോഗ പരിശീലനം | ജൂൺ 21 | കായികാധ്യാപകൻ | സ്കൂളിൽ നിന്നും നിന്നും കണ്ടെത്തുക |

## 3. സുബ്രതോകപ്പ് ഫുട്ബോൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സ്കൂൾ ടീം സെക്ഷൻ<br>• പരിശീലനം- ബോയ്സ് & ഗേൾസ് | • ഫുട്ബോൾ കോച്ചിങ് | 1 മാസം<br>➢ ജൂൺ | ഹെഡ് മാസ്റ്റർ കായികാധ്യാപകൻ | സ്കൂളിൽ നിന്നും കുട്ടികളിൽ നിന്നും കണ്ടെത്തുക |

## 4.ലോങ്ങ് ജമ്പ് പിറ്റ്

ആവിശ്യമായ തുക =20000/–

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഹൈ ജമ്പ് പരിശീലനം | ഹൈ ജമ്പ് പിറ്റ് നിർമ്മാണം ,മണൽ നിറയ്ക്കുക | 1 മാസം<br>✔ ജൂലൈ | ഹെഡ് മാസ്റ്റർ കായികാധ്യാപകൻ | സ്റ്റാഫ് ഫണ്ട് - 1000/-<br>സ്മാർട്ട് സ്കൂൾ ഫണ്ട് =10000/-<br>വിമുക്തി =5000/-<br>ലഭ്യമായ ആകെ തുക=16000 /- |
| ചിലവായ ആകെ തുക =16000/- | | | | |

## 5.ഹെൽത്ത് ക്ലബ്

ആവിശ്യമായ തുക =80000/–

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹെൽത്ത് ക്ലബ് -വെയിറ്റ് ട്രെയിനിങ് ,കായികക്ഷമതാ ഘടകങ്ങൾ നേടാനുള്ള പരിശീലനം | ഹെൽത്ത് ക്ലബ്ബിലേക്ക് ഉപകരണങ്ങൾ വാങ്ങിക്കുക ,അത് ക്ലബിനായി അനുവദിച്ചിട്ടുള്ള റൂമിൽ സെറ്റ് ചെയ്യുക. | 3 മാസം ജൂൺ മുതൽ ഓഗസ്റ്റ് വരെ | ഹെഡ് മാസ്റ്റർ കായികാധ്യാപകൻ | സ്മാർട്ട് സ്കൂൾ ഫണ്ട് 60,000/- |
| ചിലവായ ആകെ തുക =60,000/- | | | | |

## 6. ആനുവൽ അത്‌ലറ്റിക് മീറ്റ്

ആവിശ്യമായ തുക =

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സബ് ജില്ലാ കായിക മേളകളുള്ള സ്കൂൾ അത്‌ലറ്റിക് ടീം സെലക്ഷൻ | • സ്റ്റേഡിയം<br>• മൈക്ക് & സൗണ്ട് സിസ്റ്റം<br>• സ്റ്റേജ് വർക്ക്<br>• മെഡൽസ്<br>• സർട്ടിഫിക്കറ്റ്<br>• റിഫ്രഷ്മെന്റ്<br>• ഗസ്റ്റ് മൊമെന്റോ | ജൂലൈ | ഹെഡ് മാസ്റ്റർ<br>കായികാധ്യാപകൻ<br>സ്റ്റാഫ്<br>പി റ്റി എ | സ്റ്റാഫ് ഫണ്ട് -<br>പി റ്റി എ<br>ലഭ്യമായ ആകെ തുക |

## അത്‌ലറ്റിക്സ്:

സ്കൂൾതലത്തിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു ഇനമാണ് അത്‌ലറ്റിക്സ്. കുട്ടികളുടെ ശാരീരിക മാനസിക സാമൂഹിക വളർച്ചയ്ക്ക് സഹായമാകുന്ന ഒരു ഇനമാണ് അത്‌ലറ്റിക്സ്. ശരീരത്തേയും അതുപോലെ മാനസിക വളർച്ചയെയും സഹായിക്കുന്ന ഒരു പരിശീലന വേദിയാണ്. എല്ലാ കുട്ടികളും 15 വയസ്സ് വരെ അത്‌ലറ്റിക്സ് ചെയ്തിരിക്കണം, ഒരു കുട്ടിയുടെ ശാരീരിക വളർച്ചയെ സഹായിക്കുന്ന ഒരു ഇനം കൂടിയാണ് അത്‌ലറ്റിക്സ്. പക്ഷേ അത് ചെയ്യാനുള്ള ഗ്രൗണ്ട് സ്കൂളിൽ ഇല്ല എന്നുള്ളത് വളരെ ദുഃഖകരമാണ്. ഏകദേശം 1800 ഓളം കുട്ടികൾ പഠിക്കുന്ന ഈ കലാലയത്തിന് ഒന്ന് ഓടിക്കളിക്കുവാൻ വേണ്ട ഗ്രൗണ്ട് ഇല്ല. സ്കൂൾ സ്പോർട്സ് & ഗെയിംസ് നടത്തുന്നതിന് ഗ്രൗണ്ട് വളരെ അത്യാവശ്യമാണ്. ജൂൺ മാസം മുതൽ ഏതാനും കുട്ടികൾ സ്റ്റേഡിയത്തിൽ ദിവസവും രാവിലെ 7 -8 .30 വരെ ഒന്നര മണിക്കൂർ പരിശീലിക്കുന്നു. ഒരു കുട്ടി നെട്ടുംകണ്ടത്തുള്ള സിന്തെറ്റിക്ക് സ്റ്റേഡിയത്തിൽ പരിശീലിക്കണമെങ്കിൽ നല്ലൊരു തുക പഞ്ചായത്തിൽ അടക്കേണ്ടതുണ്ട്. ഗവൺമെന്റ് സ്കൂളുകൾക്ക് അവിടെയുള്ള പരിശീലനം സൗജന്യമായി ലഭിക്കുവാൻ വേണ്ട ഇടപെടൽ

നടത്തേണ്ടതുണ്ട്. അത്രയും ദൂരം പോയി പരിശീലിക്കാൻ ഉള്ള ബുദ്ധിമുട്ടും ഒരു കുട്ടികൾ എത്താത്തതിനുള്ള ഒരു കാരണം കൂടിയാണ്. അതുകൊണ്ട് നമുക്ക് എത്രയും വേഗം ഒരു ഗ്രൗണ്ട് തയ്യാറാക്കേണ്ടതുണ്ട്. പരിശീലനത്തിന് വേണ്ട ഉപകരണങ്ങൾ:-

| | | |
|---|---|---|
| 1 | ഗ്രൗണ്ട് | 15 ലക്ഷം |
| 2 | Agility ഹർഡിൽസ് 15 inch | 10 x 300 =3000 |
| 3 | ട്രെയിനിങ് ഹർഡിൽസ് | 10 X 2000 =20000 |
| 4 | ലാഡർ 8 m | 1 X 1000=1000 |
| 5 | കോൺ വലുത് 12inch- | 10 X 150=1500 |
| 6 | കോൺ ചെറുത് 6 inch | 10 X 35=350 |
| 7 | സ്റ്റാർട്ടിങ് ബ്ലോക്ക് - | 3 X 6000=18000 |
| 8 | ജാവലിൻ - | 4 (600gm x2 & 800gm x 2) X (1000-2000)= |
| 9 | ഹൈജമ്പ് സ്റ്റാൻഡ് | 1 X 5000=5000 |
| 10 | ഹൈ ജമ്പ് ബെഡ് | 1x300000=300000 |
| 11 | ഹാമർ | 2 (3 kg & 5 kg) X 800-1500= |
| 12 | ഡിസ്കസ് | 2 (1kg & 2 kg ) X 850-1500= |
| 13 | ഷോർട് പുട്ട് | |
| 14 | റിലേ ബാറ്റൺ | |

## ഫുട്ബോൾ :-

ഏറ്റവും കൂടുതൽ കുട്ടികൾ സ്കൂളിൽ നടക്കുന്ന പരിശീലനത്തിന്റെ ഭാഗമായിട്ടുള്ള ഇനമാണ് ഫുട്ബോൾ.,ദിവസേന രാവിലെ 7 -8 .30 പരിശീലനം നടക്കുന്നു അടിസ്ഥാമായി പരിശീലനത്തിന് വേണ്ട സൗകര്യങ്ങൾ ഒന്നും ഇല്ല. ബോയ്സ് & ഗേൾസ് സബ് ജൂനിയർ ,ജൂനിയർ സീനിയർ  വിഭാഗങ്ങളിൽ ആയി മത്സരിക്കുന്നു.പരിശീലനത്തിന് വേണ്ട ഉപകരണങ്ങൾ :

| | | |
|---|---|---|
| 1 | **ബോൾ -** | 10 X 800 |
| 2 | **ഗ്രൗണ്ട്** | 1 |
| 3 | **കീപ്പിങ് ഗ്ലൗസ്** | 2 pair X 800= |
| 4 | **ഫ്ലാഗ്** | 4x1500= |
| 5 | **ടീം ജേഴ്‌സി** | 15 + 15 + 15 + 3 (ഗോളി ) |
| 6 | **നെറ്റ്** | 2x5000=10000 |

**ഹാൻഡ്ബാൾ:-**

**ബോയ്സ് & ഗേൾസ് 30-ൽ ഏറെകുട്ടികൾ ഈ സ്കൂളിൽ പരിശീലനത്തിൽ പങ്കെടുക്കുന്നു.എല്ലാ ദിവസവും വൈകുന്നേരം 4 -5 .30 സ്കൂളിൽ പരിശീലനം നടക്കുന്നു അടിസ്ഥാന സൗകര്യം ആയ ഗ്രൗണ്ട് ഇല്ല.പരിശീലനത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ**

| | | |
|---|---|---|
| 1 | **പോസ്റ്റ്** | **2 എണ്ണം ( വീതി 3 m, ഉയരം 2m ) - X 20000** |
| 2 | **ടീം ജേഴ്‌സി** | **30 + 3( ഗോളി )** |
| 3 | **ബോൾ** | **6 X 750** |

**ബാഡ്മിന്റൺ :-**

**ആഴ്ചയിൽ 3 ദിവസം ബോയ്സ് & ഗേൾസ് 20-ൽ കൂടുതൽ കുട്ടികൾ ഈ സ്കൂളിൽ പരിശീലനത്തിൽ പങ്കെടുക്കുന്നു. പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ -**

| | | |
|---|---|---|
| 1 | **കാറ്റ് വീശാത്ത കോർട്ട്** | 1 |
| 2 | **പോസ്റ്റ്** | 2 X 35000 |
| 3 | **കോക്ക്** | 4 ബോക്സ് Mavis 350X 1200 |
| 4 | **നെറ്റ്** | 1 X 1500=1500 |

**സ്കേറ്റിങ് :-**

ആഴ്ചയിൽ 3 ദിവസം 2 മണിക്കൂർ വീതം സ്കൂളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു ,30 -ൽ പരം കുട്ടികൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട് ,പരിശീലത്തിന് ആവശ്യമായ ഗ്രൗണ്ട് ( കോൺക്രീറ്റ് സർക്കിൾ ഗ്രൗണ്ട് **Basketball** ഗ്രൗണ്ടിന് ചുറ്റും 8 **feet** വീതിയിൽ)ആവിശ്യമാണ്.

ഏകദേശ തുക -

## വോളിബാൾ :-

സ്കൂളിൽ ജൂനിയർ ,സീനിയർ വിഭാഗം ആൺകുട്ടികൾ എല്ലാദിവസവും വൈകുന്നേരം 4 - 5 .30 സ്കൂളിൽ പരിശീലനം നടത്തുന്നു , പരിശീലത്തിന് ആവശ്യമായ ഗ്രൗണ്ട് റെഡി ആക്കേണ്ടതായുണ്ട് അതെപോലെ പരിശീലനത്തിനുള്ള ഉപകരണങ്ങൾ വാങ്ങേണ്ടതായുണ്ട് .

-

| | | |
|---|---|---|
| 1 | ബോൾ | 5 X 800 |
| 2 | പോസ്റ്റ് | 2 -12000-35000 |
| 3 | നെറ്റ് | 1 X 2000 |

## ഏറോബിക്സ് :

മുഴുവൻ കുട്ടികൾക്കും ആഴ്ചയിൽ ഒരിക്കൽ ഏറോബിക് പരിശീലനം നൽകേണ്ടതായുണ്ട് അതിനായി ഉപകരണങ്ങൾ വാങ്ങൽ

| | | |
|---|---|---|
| 1 | ബ്ലൂട്ടൂത്ത് മ്യൂസിക് സിസ്റ്റം | 1 |
| 2 | മൈക്ക് | 1 |

## ക്രിക്കറ്റ് :-

സ്കൂളിൽ ബോയ്സ് ഗേൾസ് പരിശീലനത്തിൽ പങ്കെടുക്കുന്ന ,പരിശീലനത്തിനും മത്സരത്തിന് ടീം -ന് പോകുന്നതിനുമായി ഉപകരണങ്ങൾ വാങ്ങൽ

| | | |
|---|---|---|
| 1 | ബാറ്റ് | **5x5000=** |
| 2 | പാഡ് | **4x2000** |
| 3 | ബാറ്റിംഗ് ഗ്ലൗസ് | **4 X 800** |

| | | |
|---|---|---|
| 4 | **കീപ്പിങ് ഗ്ലൗസ്** | **4 X 750** |
| 5 | **ഹെൽമെറ്റ് -** | **3x2500** |
| 6 | **Training Ball -** | **10 X 300** |
| 7 | **Match ball** | **5x900)** |

## ബാസ്കറ്റ്ബാൾ

**സ്കൂളിൽ ജൂനിയർ ,സീനിയർ വിഭാഗം ആൺകുട്ടികളും പെൺകുട്ടികളും എല്ലാ ദിവസവും വൈകുന്നേരം 4 -5 .30 സ്കൂളിൽ പരിശീലനത്തിൽ പങ്കെടുക്കുന്നു .പരിശീലനത്തിനായുള്ള ഉപകരണങ്ങൾ വാങ്ങൽ**

| | |
|---|---|
| **ബാസ്കറ്റ്ബാൾ** | **5X1000= 5000** |

## കരാട്ടെ

**ആഴ്ചയിൽ 3 ദിവസം 2 മണിക്കൂർ പരിശീലനം നടക്കുന്നു സ്കൂളിൽ അധികം 40 കുട്ടികൾ പരിശീലനം ചെയ്യുന്നു , മത്സരം നടക്കുന്നത് മാറ്റിലാണ് ,സ്കൂളിൽ മാറ്റ് വാങ്ങേണ്ടതുണ്ട് .**

**Dr.SAJEEV C NAIR**
**Dept. Physical Education**
**GHS Kallar**